# ലവോദിക്യാ സഭ (വെളിപാട് പഠനം47)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

(എ.ഡി. 1906 മുതല് കർത്താവിന്റെ വരവു വരെ)
(3: 1422)
ഏഴു സഭകൾക്കുള്ള ദൂതുകളില് അവസാനത്തേതാണ് ലവോദിക്യാ സഭയുടേത്. തുർക്കി രാജ്യത്തുള്ള ഒരു സ്ഥലമാണിത്. ഈ നഗരം എഫെസോസില് നിന്ന് നാൽപ്പത് മൈല് അകലെയും കൊലോസിയോട് അടുത്തും സ്ഥിതിചെയ്യുന്നു. കൊലോസ്യയും ലവോദിക്യയും അടുത്തടുത്ത പട്ടണങ്ങള് ആയിരുന്നു. അവിടെ രൺടിടത്തും സഭകള് ഉൺടായിരുന്നു. അപ്പോസ്തലനായ പൌലോസ് കൊലോസ്യ വിശ്വാസികൾക്ക് ലേഖനം എഴുതിയപ്പോള്, അവന് വായിച്ച ശേഷം അത് ലവോദിക്യയിലുള്ളവർക്കും കൊടുക്കണമെന്നും ലവോദിക്യലുള്ളവർക്ക് വന്ദനം പറയുന്നതായും കാണുന്നു. കൊലോ 4: 1516.

ബിസി 250ല് സിറിയയിലെ അന്ത്യോക്കസ് രൺടാമന് സ്ഥാപിച്ചതാണ് ഈ പട്ടണം. ലോകത്തിലെ ധനിക നഗരങ്ങളില് പ്രധാനപ്പെട്ട ഒരു നഗരമായിരുന്നു ലവോദിക്ക്യാ. ഞാന് ധനവാന് ഒന്നിനും മുട്ടില്ല എന്ന് അവര് അഹങ്കരിച്ചിരുന്നു. കൂടാതെ ഒരു വസ്ത്ര നിർമ്മാണ കേന്ദ്രവും കൂടി ആയിരുന്നു. അത് മാത്രമല്ല ഒരു ഔഷധ നിർമ്മാണ കേന്ദ്രവും ഒരൂ മെഡിക്കല് സ്കൂളും അവിടെ ഉൺടായിരുന്നു. അവിടുത്തെ സുപ്രധാനമായ ഡോക്ടർമാരുടെ പേരുകള് അവരുടെ നാണയങ്ങളില് അടയാളപ്പെടുത്തിയിരുന്നു. കർണ്ണത്തിനും നേത്രരോഗത്തിനും ആവശ്യമായ ലേപം അവിടെ നിർമ്മിച്ചിരുന്നു. ഈ സഭയിലെ വിശ്വാസികളെ പൌലോസ് നേരിട്ടറിഞ്ഞിരുന്നു. അപ്പോസ്തലനായ പൌലോസിന്റെ എഫേസോസിലെ പ്രവർത്തനകാലത്ത് ഇവിടെ സഭ രൂപം കൊൺടു. അദ്ദേഹം എഫോസോസില് ആയിരുന്ന കാലത്ത് ഏഷ്യാമൈനര് മുഴുവന് തന്റെ സുവിശേഷഘോഷണ മേഖലയായിരുന്നു. പ്രവ്യത്തി. 19: 10; 20: 18, 31. അക്കാലത്ത് ലവോദിക്യാ നഗരത്തിലും സുവിശേഷം അറിയിച്ചു. അങ്ങനെ ഉടലെടുത്ത സഭയാണ് ലവോദിക്യാ സഭ. കൊലോ 2: 1; 4: 15, 16. കൊലോസ്യ സഭ തുടങ്ങി ആസ്യയിലെ മറ്റു സഭകള് ഉടലെടുത്ത കാലത്തു തന്നെ ലവോദിക്യയിലും സഭ ഉടലെടുത്തു. പൌലോസിന്റെ നിർദ്ദേശപ്രകാരം എപ്പഫ്രാസ് ഇവിടെ ഉത്സാഹത്തോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. കൊലോ. 4: 12, 13. ഇവിടുത്തെ സഭാ സ്ഥാപനം കഴിഞ്ഞു 34 വർഷങ്ങൾക്കു ശേഷമാണ് പത്മോസ് ദ്വീപില് പ്രത്യക്ഷപ്പട്ട കർത്താവ് യോഹന്നാന് മുഖാന്തിരം ഈ സഭയ്ക്ക് ദൂത് നൽകുന്നത്.

ഈ പട്ടണത്തിന്റ ഏറ്റവും വലിയ പ്രശ്നം അവിടുത്തെ ജലക്ഷാമമായിരുന്നു. ആ കാലത്ത് ചൂടുറവകള്ക്ക പ്രസിദ്ധി ആർജ്ജിച്ചിരുന്ന ഹിയരപൊലിക്കയില് നിന്നും കനാല് വഴി വെള്ളം പട്ടണത്തില് എത്തിച്ചിരുന്നു. ഒപ്പം കൊലോസ്യയില് നിന്നും തണുത്ത വെള്ളവും അവര് പട്ടണത്തിലേക്ക് കൊൺടു വന്നു. തൽഫലമായി ശീതോഷ്ണ ജലമാണ് ലവോദ്യക്കാർക്ക് ലഭിച്ചുകൊൺടിരുന്നത്. ഈ പശ്ചാത്തലത്തിലാണ് അവരുടെ ആത്മീക സ്ഥിതി എപ്രകാരമായിരിക്കുന്നുവെന്ന

എടുത്ത് പറയുന്നത്. വാക്യം. 15. ലവോദിക്യാ നേത്ര ചികിത്സയ്ക്ക് പ്രസിദ്ധമായിരുന്നു. പെരിഗന് പൌഡര് (ജവ്യ്യഴശമി ജീംറല്യ) എന്ന നേത്രലേപനം ഇവര് ഉണ്ടാക്കിയിരുന്നു. ഇന്ന് ഈ പട്ടണം അറിയപ്പെടുന്നത് എസ്കി ഹിസ്സാര് എന്ന പേരിലാണ്. ഇവിടെ വളരെ ചുരുക്കമായി ക്രിസ്ത്യാനികളുണ്ട്. ഈ സഭയുടെ ആദ്യത്തെ ശുശ്രൂഷകന് അർഹിപ്പാസ് ആയിരുന്നു.

കൊലോ. 4: 16, 17. ഏഴു സഭകളില് ഒടുവിലത്തെ സ്ഥാനം ലവോദിക്യാ സഭയുടേതാണ്. സഭാ കാലയളവിന്റെ അന്ത്യ നാളുകളിലെ സ്വഭാവ ലക്ഷണങ്ങളാണ് ലവോദിക്യാ സഭയില് കാണുന്നത്. വെളി. 3ാം അദ്ധ്യായത്തോടുകൂടി സഭായുഗം അവസാനിക്കുകയാണ്. കർത്താവിന്റെ വരവുവരെ സഭ ലോകത്തില് ഉണ്ടായിരിക്കുകയും കർത്താവിന്റെ വരവില് സഭ എടുക്കപ്പെടുകയും ചെയ്യും. ലവോദിക്യാ സഭയുടെ ചരിത്രം പഠിച്ചാല് മന്ദോഷ്ണാവസ്ഥയില് തുടർന്നിരുന്ന അവരെ കർത്താവ് തന്റെ വായില് നിന്ന് ഉമിണ്ണുകളകതന്നെ ചെയ്തു. ഇപ്പോള് ഇവിടം തുർക്കികളുടെ അധീനതയില് ആണ്. 14ാം നൂറ്റാണ്ടിന്റെ അവസാനം വരെ അവിടെ സഭ ഉണ്ടായിരുന്നു. പ്രശംസയായി ഒന്നും തന്നെ പറയാനില്ലാത്ത ഒരു സഭയാണ് ലവോദിക്യാ സഭ. കുറ്റങ്ങള് മാത്രമേ അവരെക്കുറിച്ച് പറയാനുള്ളു. പീഡയോ, ദുരുപദേശമോ സഭയില് ഇല്ലായിരുന്നു. ഭൌമിക നന്മകള് അവരെ ആത്മീകമായി താഴ്ത്തിക്കളഞ്ഞു. 7000 യഹൂദൻമാര് പാർത്തിരുന്ന ഒരു കോളനി ലവോദിക്യയില് ഉണ്ടായിരുന്നു. മഹാനായ അലക്സാൺടര് ചക്രവർത്തി തങ്ങളുടെ യവനനായ സസ്കാരം അഥവാ ഗ്രീക്ക് സംസ്കാരം ഇവിടെ പ്രകടിപ്പിച്ചിരുന്നു. ലവോദിക്യാ എന്ന പദത്തിന് ശീതോഷ്ണം എന്നോ, മന്ദോഷ്ണം എന്നോ അർത്ഥമുണ്ട്.

## മുഖവുര

വാക്യം. 3: 14 ലവോദിക്യയിലെ സഭയുടെ ദൂതന് എഴുതുക. വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവ സൃഷ്ടിയുടെ ആരംഭമായ ആമേന് എന്നുള്ളവന് അരുളിച്ചെയ്യുന്നത്.

വിശ്വസ്തനും സത്യവാനുമായ സാക്ഷി

ക്രിസ്തുവിന്റെ ദൈവീക വിശേഷ ലക്ഷണങ്ങളില് രൺടു കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ക്രിസ്തു എന്താണെന്ന് പറയുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. പുത്രന് സത്യദൈവവും നിത്യജീവനുമാണ്. 1 യോഹ. 5: 20. അവിടുന്ന് സത്യത്തിന് സാക്ഷിയായി ലോകത്തില് വന്നു. യോഹ. 14: 6. വചനമായവന് സത്യംതന്നെ ആയിരുന്നു. യോഹ. 12: 17. അവിടുന്ന് സത്യം മാത്രം സംസാരിക്കുന്നവാണ്. അവന് സത്യവാനും വിശ്വസ്തനുമാണ്. ഇവിടെ ക്രിസ്തുവിനെ വിശ്വസ്തനും സത്യവാനുമായ സാക്ഷി, ആരംഭം, അവസാനം, ആമേന് എന്നീ പ്രകാരം ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്തു ലോകം കൺടിട്ടുള്ളതില് ഏറ്റവും ശ്രേഷ്ഠനായ സാക്ഷിയാണ്.

1. യോഹ. 5: 9. പുത്രനെക്കുറിച്ചുള്ള പിതാവിന്റെ സാക്ഷയ്ം.
1. .യോഹ. 5: 7. പുത്രനെക്കുറിച്ചുള്ള ആത്മാവിന്റെ സാക്ഷയ്ം.

പ്രവൃത്തി. 1:8; 2. പത്രോ. 1: 16. പുത്രനെക്കുറിച്ച് വിശുദ്ധൻമാരുടെ സാക്ഷയ്ങ്ങള്.

എബ്രാ. 3: 2. വിശ്വസ്ത സാക്ഷിയായ ക്രിസ്തു
ഇതേ നിലയില് മററു ഭാഗത്ത് കർത്താവ് തന്നെക്കുറിച്ച് വെളിപ്പെടുത്തിയിട്ടുൺട്. 1: 5; 3: 7; 19: 11. ഒരു സാക്ഷി എന്ന നിലയില് മൂന്നു യോഗ്യതകള് ഉൺടായിരിക്കണം. സ്വന്ത കണ്ണു കൊൺടു കൺടിരിക്കണം. പൂർണ്ണ വിശ്വസ്തനായിരിക്കണം. താന് കൺടതു അതുപോലെ പറയുവാന് കഴിയണം.

ഞാന് തന്നെ വഴിയും സത്യവും ജീവനും ആകുന്നു  എന്ന് യേശു പറഞ്ഞു. യോഹ. 14: 6. അവന് ദൈവത്തിന്റെ അടുക്കല് നിന്ന് വന്നിരിക്കയാല് ദൃക്സാക്ഷിയും, സത്യം പറയുന്നവനും, സാക്ഷയ്ം പറയുവാന് ഏററവും പ്രാപ്തനുമാണ്. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രന് അവനെ വെളിപ്പെടുത്തിയിരിക്കുന്നു. വെളി. 19: 11ല് ക്രിസ്തു വെള്ളക്കുതിരപ്പുറത്ത് ഇരിക്കുന്നവനായി പ്രത്യക്ഷപ്പെടുന്നു. അവന്റെ പേര് വിശ്വസ്തനും സത്യവാനും എന്നും അവിടെ പറയുന്നു. നാമും അവന്റെ ചുവടുകളില് നടക്കേൺടവരാണ്. ലവോദിക്യാ സഭയ്ക്ക് നൽകുവാന് പോകുന്ന ദൂത് പേരിന്റെ അർത്ഥത്തിന്റെ അടിസ്ഥാനത്തില് തന്നെ കൈക്കൊള്ളേൺടതിനാണ് ഇങ്ങനെ അറിയിക്കുന്നത്. വിശ്വസ്തനും സത്യവാനും എന്ന നിലയില് വെളിപ്പാടു പുസ്തകത്തില് വിവിധ ഭാഗങ്ങളില് യേശുവിനെ വെളിപ്പെടുത്തിയിരിക്കുന്നു.

## ദൈവസൃഷ്ടിയുടെ ആരംഭം

ഈ പ്രയോഗം ചില ദുരുപദേശങ്ങൾക്കും ഇടം നൽകിയിട്ടുൺട്. ഇവിടെ യേശുവിനെ ദൈവസൃഷ്ടിയുടെ ആരംഭമായ എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ സൃഷ്ടിയാണെന്ന് പറഞ്ഞിട്ടില്ല. ദൈവീകമായ സകല സൃഷ്ടിക്കും കാരണഭൂതനായവന് യേശുവാണെന്ന് സാരം. ക്രിസ്തു സൃഷ്ടാവായ ദൈവമാണ്. സൃഷ്ടിയല്ല. ആരംഭം എന്നതിന്റെ മൂലഭാഷയില് നിന്നുള്ള അർത്ഥം സകലത്തിനും കാരണഭൂതന് എന്നാണ്. ആദിയില് വചനം ഉൺടായിരുന്നു. വചനം ദൈവത്തോടു കൂടിയായിരുന്നു. വചനം ദൈവമായിരുന്നു. യോഹ 1: 1, 3. സകലവും അവന് മുഖാന്തിരം ഉളവായി. ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല . യോഹ. 1: 3; കൊലോ. 1: 1618.  അവന് സഭയുടെ തലവന് ആകുന്നു. അവന് മുഖാന്തിരം ലോകത്തെയും ഉളവാക്കി.  എബ്രാ. 1: 2, 3.  സകലത്തെയും തന്റെ ശക്തിയുള്ള വചനത്താല് വഹിക്കുന്നവന്.  പുറ. 20: 11; ഏബ്രാ. 11: 3. കൊലോ. 1; 15 ല് ക്രിസ്തു സർവ്വസൃഷ്ടിക്കും ആദ്യജാതന് എന്ന് വായിക്കുൺട്. അവിടെയും ക്രിസ്തു സൃഷ്ടിയാണെന്ന് പറഞ്ഞിട്ടില്ല. സർവ്വസൃഷ്ടിക്കും മുന്പെ ഉള്ളവന് എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. യേശു നിത്യ പിതാവായ ക്രിസ്തുവാണ്. യെശ. 9: 6; .യേശുക്രിസ്തു ആദ്യജാതന് എന്നു പറഞ്ഞാല് അക്ഷരീകമായി ആദ്യം ജനിക്കപ്പെട്ടു എന്ന അർത്ഥത്തിലല്ല. ഇനി ഒരിക്കലും മരിക്കാതെ വണ്ണം മരിച്ചവരില് നിന്നു ക്രിസ്തു ആദ്യജാതനായി ഉയർത്തെഴുന്നേററിരിക്കുന്നു. എന്നാണ് അർത്ഥം. വെളി. 1: 5. കൊലോ. 1: 15നോടൊപ്പം 17ാംം വാക്യം കൂടെ വായിക്കുക. കൊലോ 1: 15ല് ആദ്യജാതന് എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം അതിന്റെ തൊട്ടുതാഴെ കൊടുത്തിട്ടുൺട്. മരിച്ചവരില് നിന്ന് ആദ്യജാതനായി എഴുന്നേററവന് കൊലോ. 1: 18. യേശുവിനെ ആദ്യജാതനാക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. സങ്കീ. 89: 27. ഭാവികാല അർത്ഥത്തിലത്രെ ഉപയോഗിച്ചിരിക്കുന്നത്. അതായത് പുതിയ നിയമത്തിന്റെ കാലം വരെയും ആദ്യജാതന് അല്ലായിരുന്നു. സർവ്വസൃഷ്ടിയുടെയും കാരണഭൂതനും

നിയന്ത്രിതാവും ആയിരുന്നു. ക്രിസ്തു സൃഷ്ടിയാണെന്നു തെളിയിക്കുന്ന ഒരൊറ്റ വാക്യം പോലും തിരുവചനത്തിലില്ല. ആദ്യജാതനാക്കും എന്നാണ് സങ്കീർത്തനത്തിലെ പ്രവചനം. എപ്പോഴാണ് യേശുവിനെ ആദ്യജാതന് ആക്കിയത്? മരിച്ചവരില് നിന്ന് ആദ്യഫലമായി ഉയർത്തെഴുന്നേറ്റപ്പോള് ഇനി ഒരിക്കലും മരിക്കാത്തവന് എന്ന അർത്ഥത്തില് യേശു ആദ്യജാതനായി. 1 കൊരി. 15: 2023. സർവ്വസൃഷ്ടിക്കും ആദ്യജാതന് എന്ന് പറഞ്ഞാല് സർവ്വസൃഷ്ടിയുടെയും ആദ്യജാതന് (ആദ്യഫലം) എന്നാണർത്ഥം. കൊലോ. 1: 15. സർവ്വസൃഷ്ടിയോടും സുവിശേഷം പ്രസംഗിച്ചു (മർേക്കാ. 16: 15) എന്ന് പറഞ്ഞാല് പട്ടിയോടും, പൂച്ചയോടും, മരത്തിനോടും ഒക്കെ മാനസാന്തിരപ്പെടണം എന്നല്ല അതിന്െറ അർത്ഥം. സർവ്വമനുഷ്യരോടും എന്നാണ് അർത്ഥം. ആകയാല് യേശു സർവ്വസൃഷ്ടിക്കും ആദ്യജാതന് എന്ന് പറഞ്ഞാല് സർവ്വ മനുഷ്യരുടെയും ആദ്യജാതന് എന്നാണർത്ഥം എന്ന് വ്യക്തം. റോമര്.8. 18: 23.

നീയെന്െറ പുത്രന് ഇന്ന് ഞാന് നിന്നെ ജനിപ്പിച്ചിരിക്കുന്നു . സങ്കീ. ഇതിന്െറ അർത്ഥം എന്താണ്? ഇത് യേശുവിന്െറ ഉയർപ്പിനെക്കുറിച്ചാണെന്ന് പൗലോസിന്െറ ഒരു പ്രസംഗത്തില് നിന്നും മനസ്സിലാക്കാം. ദൈവം പിതാക്കൻമാരോട് ചെയ്ത വാഗ്ദത്തം യേശുവിനെ ഉയർത്തെഴുന്നേൽപ്പിച്ചതിനാല് മക്കൾക്ക് നിവർത്തിച്ചിരിക്കുന്നു എന്ന് ഞങ്ങള് നിങ്ങളോടു സുവിശേഷിക്കുന്നു. നീ എന്െറ പുത്രന് ഇന്ന് ഞാന് നിന്നെ ജനിപ്പിച്ചു എന്ന് രൺടാം സങ്കീർത്തനത്തില് എഴുതിയിരിക്കുന്നുവല്ലോ . പ്രവൃത്തി. 13: 32, 33. കന്യകയില് യേശു ജനിച്ചതിനെ യേശുവിന്െറ ജനനം എന്നും കല്ലറയില് നിന്ന് ഉയർത്തതിനെ ദൈവം ജനിപ്പിച്ചു എന്നും പറയാം. ഉദാഹരിച്ചുകൊൺട് എബ്രായ ലേഖനത്തിലും അത് എഴുതിയിരിക്കുന്നു. എബ്രാ. 7: 3.

ദുരുപദേഷ്ടാക്കൻമാര് യേശു സൃഷ്ടിയാണെന്ന് തെളിയിക്കുവാന് വേൺടി സദൃശ്യവാക്യം 8ാം അദ്ധ്യായം 22 മുതല് 30വരെയുള്ള വാക്യങ്ങള് എടുത്ത് തെറ്റായി വ്യാഖ്യാനിക്കാറുൺട്. യഹോവ പൺടു പണ്േട തന്െറ വഴിയുടെ ആരംഭമായി എന്നെ ഉളവാക്കി.... ഭൂമിയുടെ ഉല്പത്തിക്കു മുമ്പെ നിയമിക്കപ്പെട്ടിരിക്കുന്നു... ജനിപ്പിച്ചിരിക്കുന്നു. ഈ വാക്യം യേശുവിനെ കാണിക്കുന്ന യാതൊരു പേരുകളും ഇവിടെ ഇല്ല. ഈ വാക്യം ജ്ഞാനത്തെപ്പറ്റി പറയുന്നതാണ്. സദൃശ്യവാക്യം 8: 1 വായിക്കുക. ജ്ഞാനമായവന് വിളിച്ചുപറയുന്നില്ലയോ? ബുദ്ധിയായവള് .. അവന് വഴിയരികെ നിൽക്കുന്നു... അവള്... യഹോവ പൺടുപണ്േട എന്നെ ഉളവാക്കി. ഈ ഭാഗം മുഴുവന് ഒരു സ്ത്രീയോടുപമിച്ച് ജ്ഞാനത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. അല്ലാതെ യേശുവിനെക്കുറിച്ചല്ല. ബൈബിളില് യേശുവിനെ ഒരു പുരുഷനായിട്ടാകുന്നു പറഞ്ഞിരിക്കുന്നത്. യേശുവിനെ ബൈബിളില് അനേകം പേരുകള് വിളിച്ചിട്ടുൺട്. അക്കൂട്ടത്തില് ദൈവജ്ഞാനമായ ക്രിസ്തു എന്നും വിളിച്ചിരിക്കുന്നു. 1 കൊരി. 1: 21.

യേശുവിന്െറ ജനനം, ശുശ്രൂഷ, മരണം തുടങ്ങിയ വിഷയങ്ങളിലെല്ലാം പ്രവചനങ്ങളുടെ നിവൃത്തിയാണെന്ന് തെളിയിക്കാന് പഴയനിയമത്തില് നിന്നുള്ള ധാരാളം ഉദ്ധരണികള് പുതിയ നിയമത്തില് കാണാം. അവിടെ യേശു സൃഷ്ടിയാണെന്നുള്ള ഒരു ഉദ്ധരണിയും ഇല്ല. സദൃശ്യ. 8ലെ വാക്യം പുതിയ നിയമത്തില് എങ്ങും ഉദ്ധരിക്കുന്നുമില്ല. സദൃശ്യ. 8ാം അദ്ധ്യായത്തില്

ശലോമോന്റെ ജ്ഞാനത്തെ ആലങ്കാരികമായി സ്ത്രീലിംഗത്തില് ചിത്രീകരിച്ചിരിക്കയാണ്. യശെ. 60: 17ല് സമാധാനത്തിനും നീതിക്കും ആളത്വം കൊടുത്തിരിക്കുന്നതുപോലെ, സദൃശ്യ. 8: 130 വരെ ജ്ഞാനം എന്ന ഒരൊറ്റ വിഷയത്തെപ്പറ്റി മാത്രമാണ്. രണ്ടു വിഷയമാണെന്ന് പറയുവാന് യാതൊന്നും അവിടെ ഇല്ല. ഏകനാഥനും നമ്മുടെ രക്ഷിതാവുമായ കർത്താവായ യേശുക്രിസ്തു സകല സൃഷ്ടിയുടെ ആരംഭമാണ്. ആരംഭം ദൈവം സൃഷ്ടിച്ചിട്ടുള്ള എല്ലാറ്റിനും മുമ്പുള്ളവന് എന്നുള്ള അർത്ഥമാണ് ആരംഭം എന്ന് പറഞ്ഞിരിക്കുന്നതിനാല് ഉദ്ദേശിക്കുന്നത് അവസാനം എന്ന പദവും ഇതേ അർത്ഥവ്യാപ്തിയില് നൽകിയിരിക്കുന്നു.

## ആമേന് എന്നുള്ളവന് അരുളിച്ചെയ്യുന്നത്

ആമേന് എന്ന എബ്രായ പദത്തിന് ഉറപ്പും വിശ്വസനീയവുമായ ഒന്ന് എന്നർത്ഥം. നമ്മുടെ കർത്താവ് സകലത്തിനും വിശ്വാസയോഗ്യനും ഉറപ്പുള്ളവനുമത്രെ. യെശ. 65: 16. ഗ്രീക്കില് ആമേന് എന്നതിന് അങ്ങനെത്തന്നെ എന്ന് അർത്ഥമാക്കാം. കർത്താവ് പറഞ്ഞ എല്ലാം അങ്ങനെത്തന്നെയെന്ന് ഉറപ്പുനൽകുകയാണിത്. സുവിശേഷങ്ങളില് ആമേന് എന്ന പദം പലയിടത്തും കർത്താവ് പറഞ്ഞു തന്റെ വാക്കുകൾക്ക് ഉറപ്പു നൽകുന്നത് കാണാം. .യോഹ. 1: 51; 3: 3, 5, 11; 10: 1, 7. പ്രസ്താവനയുടെ സത്യത്തെ ഉറപ്പിക്കുന്നതും തീർപ്പുകൽപ്പിക്കുന്നതുമാണ്. ഈ പ്രയോഗം ദൈവത്തിന്റെ വാഗ്ദത്തങ്ങള് എത്രയുണ്ടെങ്കിലും അവനില് ഉവ്വ് എന്നത്രെ... അവനില് ആമേന് എന്നും തന്നെ. 2 കൊരി. 1: 20. സഭയ്ക്ക് എഴുതുന്ന സന്ദേശത്തില് ആമേന് എന്ന പേരില് വെളിപ്പെടുന്നത് തന്റെ വിശ്വസ്തതയേയും സത്യത്തെയും ഉറപ്പിച്ചിച്ചു കാണിക്കുന്നതാണ്. താന് പറയുന്നത് സത്യമാണ്. തീർച്ചയാണ്, നിശ്ചയമാണ് എന്ന് സാരം. ഒരു പ്രസ്താവനയുടെയോ പ്രാർത്ഥനയുടെയോ അവസാനം ആമേന് എന്ന് ചേർക്കുന്നത് ആ പ്രസ്താവനയുടെ യാഥാർത്ഥ്യത്തെ ഉറപ്പിക്കുന്നതിനുവേണ്ടിയാണ്.

പഴയനിയമത്തില് യഹോവയായ കർത്താവ് ആമേന് എന്നു വിളിക്കപ്പെട്ടിരുന്നു. പുതിയ നിമയത്തില് വരുമ്പോള് ആമേന് എന്നത് ക്രിസ്തുവിന്റെ ഔദ്യോഗിക നാമമാണ്. വെളി. 3: 14. യേശുവിന്റെ പ്രഭാഷണങ്ങളില് ആമേന്, ആമേന് ഞാന് നിങ്ങളോടു പറയുന്നു എന്ന പ്രയോഗം സാധാരണമാണ്. യോഹന്നാന്റെ സുവിശേഷത്തില് മാത്രം ഈ പദം 25ല് പരം പ്രാവശ്യം കാണാം. പൌലോസും ക്രിസ്തുവിനെക്കുറിച്ച് ഉവ്വ് , ആമേന് എന്നീ പദങ്ങള് ഉപയോഗിച്ചിരിക്കുന്നു. 1 കൊരി. 1: 20. കർത്താവിന്റെ വാഗ്ദത്തങ്ങളും വാക്കുകളും മാറുന്നതല്ല. അവന്റെ വാക്കുകളില് അടങ്ങിയിരിക്കുന്ന പരമമായ അധികാരവും ഉത്തരവാദിത്വവും അത്രെ ആമേന് എന്ന പദംകൊൺട് വ്യക്തമാക്കുന്നത്. ആമേന് എന്ന എബ്രായ പദത്തെ സത്യം എന്നും വിവർത്തനം ചെയ്തിട്ടുൺട്. കർത്താവ് ഇവിടെ സ്വയം ആമേന് എന്നാണ്. അവിടുത്തെ വാക്കുകള് എല്ലാം നിവോത്തിയാകുമെന്ന് സാരം.

വിശ്വതനും സത്യവാനുമായ സാക്ഷികൂടിയായ അവിടുന്ന് സത്യം, ഉള്ളതുപോലെ സംസാരിക്കുന്നവനാണ്. ദൈവസൃഷ്ടിയുടെ ആരംഭവും (രചയിതാവ്) യേശുവാണ്. ആദ്യത്തെ സൃഷ്ടിയുടെ സൃഷ്ടാവും താനാണ്. തന്റെ മരണപുനരുദ്ധാനങ്ങളിലൂടെ പുതുസൃഷ്ടിക്കു തുടക്കം ഇട്ടതും അവിടുന്നുതന്നെ. അവന് സകലത്തിനും മുന്നമേയുള്ളവന്. കൊലോ. 1: 7. ദൃശ്യവും അദൃശ്യവുമായ

എല്ലാറ്റിന്റെയു രചയിതാവും ആരംഭവും അന്ത്യവും എല്ലാം അവിടുന്നാണ്.
(തുടരും)
* *